കേരളകൗമുദി
08 ഡിസംബർ 2017 വെള്ളി
തിരുവനന്തപുരം

എട്ട് പാസഞ്ചറുകൾ രണ്ടുമാസത്തേക്ക് സർവീസ് നിറുത്തി

തിരുവനന്തപുരം: സാങ്കേതിക പ്രശ്നങ്ങൾമൂലം കൊല്ലം, കായംകുളം മേഖലയിലെ എട്ട് പാസഞ്ചർ, മെമു ട്രെയിനുകൾ 9 മുതൽ രണ്ടുമാസത്തേക്ക് സർവീസ് നിറുത്തിവച്ചതായി റെയിൽവേ അറിയിച്ചു. കോട്ടയം വഴിയുള്ള കൊല്ലം - എറണാകുളം മെമു, കോട്ടയം വഴിയുള്ള എറണാകുളം - കൊല്ലം മെമു, കോട്ടയം വഴിയുള്ള എറണാകുളം - കായംകുളം പാസഞ്ചർ, കോട്ടയം വഴിയുള്ള കായംകുളം - എറണാകുളം പാസഞ്ചർ, കോട്ടയം വഴിയുള്ള എറണാകുളം - കൊല്ലം മെമു, കോട്ടയം വഴിയുള്ള കൊല്ലം - എറണാകുളം മെമു, ആലപ്പുഴ വഴിയുള്ള എറണാകുളം - കായംകുളം പാസഞ്ചർ, ആലപ്പുഴ വഴിയുള്ള കായംകുളം - എറണാകുളം പാസഞ്ചർ എന്നിവയാണ് റദ്ദാക്കിയത്.

ശ്രീധർമ്മശാസ്താ പുരസ്കാരം ഗോകുലം ഗോപാലന്

കോട്ടയം: പുതുപ്പള്ളി ഇരവിനല്ലൂർ ഉദിക്കാമല ശ്രീധർമ്മശാസ്താ ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രഥമ ശ്രീധർമ്മശാസ്താ പുരസ്കാരം ഗോകുലം ഗ്രൂപ്പ് ഒഫ് കമ്പനി ഡയറക്ടറും ഫ്ലവേഴ്സ് ടി.വി ചെയർമാനുമായ ഗോകുലം ഗോപാലന് നൽകുമെന്ന് ട്രസ്റ്റ് ചെയർമാൻ കെ.എൻ. ബാലകൃഷ്ണൻ അറിയിച്ചു. സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ മികവ് മുൻനിറുത്തിയാണ് പുരസ്കാരം. ജനവരി 10 ന് വൈകിട്ട് 6.45ന് ക്ഷേത്രാങ്കണത്തിൽ നടക്കുന്ന സാംസ്കാരിക സമ്മേളനത്തിൽ മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പുരസ്കാരം സമർപ്പിക്കും.

ഡോ.രാമചന്ദ്രൻപിള്ള തുഞ്ചൻ സ്മാരക സമിതി പ്രസിഡന്റ്

തിരുവനന്തപുരം: ഐരാണിമുട്ടം തുഞ്ചൻ സ്മാരക സമിതിയുടെ പ്രസിഡന്റായി ഡോ. ടി.ജി. രാമചന്ദ്രൻ പിള്ളയെ തിരഞ്ഞെടുത്തു. കോളേജ് വിദ്യാഭ്യാസ വകുപ്പ് അഡിഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, തൃപ്പൂണിത്തുറ ഗവ. കോളേജ് പ്രിൻസിപ്പൽ തുടങ്ങി നിരവധി സ്ഥാനങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. നിരവധി വൈജ്ഞാനിക ഗ്രന്ഥങ്ങളുടെ കർത്താവാണ്. കേന്ദ്ര സർക്കാരിന്റെ സീനിയർ ഫെലോഷിപ്പ്, എം.കെ.കെ. നായർ അവാർഡ്, തുഞ്ചൻ ഫെലോഷിപ്പ്, മന്നത്തു പദ്മനാഭൻ പ്രൈസ് എന്നിവ നേടിയിട്ടുണ്ട്.

ഭാരതീയ മോഡി ആർമി സ്റ്റേറ്റ് ആക്ടിംഗ് പ്രസിഡന്റ് കെ. ദിലികുമാറും ജനറൽ സെക്രട്ടറി കെ. സുധാകരനും

ട്രഷറി ചതിച്ചു; പി.എസ്.സി പരീക്ഷകൾ പ്രതിസന്ധിയിൽ

■ ബില്ല് മാറി നൽകുന്നില്ല; സെന്ററുകൾക്ക് കൊടുക്കേണ്ടത് കോടികൾ

▸രാജൻ പുരക്കോട്

തിരുവനന്തപുരം: അക്കൗണ്ടിലെ പണം പിൻവലിക്കാൻ ജില്ലാ ട്രഷറികൾ പി.എസ്.സിയെ അനുവദിക്കുന്നില്ല. ഇതുമൂലം പരീക്ഷാ നടത്തിപ്പ് സെന്ററുകൾക്ക് കൊടുക്കാനുള്ള പ്രതിഫലകുടിശികകോടികളായി. സ്കൂളുകളോട് ഇനിയും കടം പറയാൻ പറ്റാത്തതിനാൽ പരീക്ഷകളുടെ നടത്തിപ്പ് തന്നെ അവതാളത്തിലായി. ജി.എസ്.ടി വരുത്തിവച്ച സാമ്പത്തിക പ്രതിസന്ധിയുടെ പേരിലാണ് ട്രഷറികൾ താളം ചവിട്ടുന്നത്.

ഡിസംബറിൽ നടക്കേണ്ട പരീക്ഷകൾക്ക് 5 ലക്ഷത്തിലേറെ ഉദ്യോഗാർത്ഥികളുണ്ട്. ഇത്രയും പേരെ എഴുതിക്കാൻ പി.എസ്.സി മൂന്ന് കോടിയോളം രൂപ മുടക്കണം. ട്രഷറി ചതിച്ചാൽ ആകെ കുഴയും.

കഴിഞ്ഞ സെപ്തംബർ 25 മുതൽ ഒക്ടോബർ 31 വരെ പരീക്ഷകൾ നടത്തിയതിന് മാത്രം 2800 എക്സാമിനേഷൻ സെന്ററുകൾക്ക് കൊടുത്തു തീർക്കാനുള്ളത് എട്ടു കോടി രൂപയാണ്. നവംബറിലെ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

ഓരോ ബില്ലുമാറാനും പ്രത്യേകം പ്രത്യേകം അനുമതി ചോദിച്ച് പി.എസ്.സിയെ വട്ടം ചുറ്റിക്കുകയാണ് ട്രഷറികൾ. ബില്ല് പത്തു ലക്ഷമാണെങ്കിൽ പോലും രക്ഷയില്ല. 25 ലക്ഷത്തിനു മേലാണെങ്കിൽ ട്രഷറി ഡയറക്ടറുടെ പ്രത്യേക അനുമതി വേണമെന്ന് വാശിപിടിക്കും. വലിയ തുക പാസാക്കിവിട്ടാൽ ഇപ്പോഴത്തെ അവസ്ഥയിൽ ട്രഷറികൾ പെട്ടെന്ന് കാലിയാകും. അതൊഴിവാക്കാനാണ് ബില്ല് തടയൽ.

കമ്പനി/ ബോർഡ്/ കോർപറേഷൻ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ്, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് പരീക്ഷാ സെന്ററുകളുടെ പ്രതിഫലവും കുടിശികയാണ്. ഇതോടെ എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകൾക്ക് പരീക്ഷാ കേന്ദ്രമാകാൻ താത്പര്യമില്ലാതായെന്ന് പി.എസ്.സി പറയുന്നു.

KAUMUDI SPECIAL

ഒരു പരീക്ഷയ്ക്ക് ഒരു സ്കൂളിന് 10,000 രൂപ

200 പരീക്ഷാർത്ഥികൾക്ക് ഒരു പരീക്ഷാ കേന്ദ്രമെന്നാണ് കണക്ക്. സ്കൂളിന്റെ പ്രധാന അദ്ധ്യാപകന് (ചീഫ് സൂപ്രണ്ട്) 650 രൂപ, ഇൻവിജിലേറ്റർക്ക് 500 രൂപ, ക്ലാർക്ക്, പ്യൂൺ എന്നിവർക്ക് 450 രൂപ, വെള്ളം, വൈദ്യുതി, ശുചീകരണം, സ്ഥലസൗകര്യം ഉപയോഗിച്ചതിന് ഒരു പരീക്ഷാർത്ഥിക്ക് 5 രൂപ എന്ന ക്രമത്തിലാണ് പി.എസ്.സി കണ്ടിജൻസ് തുക നൽകേണ്ടത്. ഒരു ജില്ലയിൽ 200-250 പരീക്ഷാ കേന്ദ്രങ്ങളുണ്ടാവും. ഒരു കേന്ദ്രത്തിന് പതിനായിരത്തോളം രൂപ നൽകണം.

ഒക്ടോബർ വരെ നടത്തിയ പരീക്ഷകൾ

- 2017 ജനവരി മുതൽ ഒക്ടോബർ 31 വരെ: 340 ഒ.എം.ആർ അടക്കം 473 പരീക്ഷകൾ
- ഒ.എം.ആർ എഴുതിയ 66,38,237 പേരടക്കം ഒരു കോടിയോളം പരീക്ഷാർത്ഥികൾ

കാനന പാതയിൽ കടുവ: തീർത്ഥാടകർക്ക് നിയന്ത്രണം

▸ബി. അജീഷ്

ശബരിമല: ശബരിമല ക്ഷേത്രത്തിന് സമീപം കടുവ ഇറങ്ങിയതിനെ തുടർന്ന് പരമ്പരാഗത കാനനപാതകൾ വഴിയുള്ള തീർത്ഥാടകർക്ക് നിയന്ത്രണം ഏർപ്പെടുത്തി. ക്ഷേത്രത്തിന് അരക്കിലോമീറ്റർ ചുറ്റളവിലാണ് കടുവകളുടെ സാന്നിദ്ധ്യം വനം വകുപ്പ് സ്ഥിരീകരിച്ചത്. കാനനപാതകൾ വഴി എത്തുന്ന തീർത്ഥാടകർ പുണ്യസ്നാനം നടത്തുന്ന ഉരൽക്കുഴിക്ക് സമീപം പാണ്ടിത്താവളത്തിലാണ് ഇന്നലെ കടുവയെ കണ്ടത്. ഇരയുമായി തീർത്ഥാടന പാത മുറിച്ചു കടക്കുന്ന കടുവയെ കേന്ദ്ര ദ്രുതകർമ്മസേനാ അംഗങ്ങളാണ് കണ്ടത്. ഇവർ വിവരം നൽകിയതോടെ വനം വകുപ്പ് പരിശോധന നടത്തുകയായിരുന്നു. 9 വയസുള്ള കടുവയാണെന്ന് വനപാലകർ പറഞ്ഞു. കാട്ടാനകളും ഭീഷണി ഉയർത്തുന്നുണ്ട്.

വനം വകുപ്പും സായുധസേനയും പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. രാത്രിയിൽ ഇതുവഴിയുള്ള തീർത്ഥാടകരുടെ യാത്ര നിരോധിച്ചു. പുല്ലുമേട് വഴിയുള്ള യാത്രക്കാർക്ക് നിയന്ത്രണവുമുണ്ട്.

ഡോ. ജ്യോതിദേവ് അന്തർദ്ദേശീയ പുരസ്കാരം സ്വീകരിച്ചപ്പോൾ

ജ്യോതിദേവ്സ് ഡയബറ്റിസ് സെന്ററിന് അന്തർദ്ദേശീയ അംഗീകാരം

തിരുവനന്തപുരം: അബുദാബിയിൽ നടക്കുന്ന ഇന്റർനാഷണൽ ഡയബറ്റിക് ഫെഡറേഷന്റെ അന്തർദ്ദേശീയ സമ്മേളനത്തിൽ ജ്യോതിദേവ്സ് ഡയബറ്റിസ് സെന്ററിന് പ്രമേഹ ചികിത്സയ്ക്കും ഡോക്ടർമാർക്കായുള്ള പ്രമേഹ വിദ്യാഭ്യാസത്തിനുമുള്ള 2 അന്തർദ്ദേശീയ അംഗീകാരങ്ങൾ ലഭിച്ചു. 170 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

അന്തർദ്ദേശീയ സമ്മേളനത്തിൽ ജ്യോതിദേവ്സ് ഡയബറ്റിസ് റിസർച്ച് സെന്ററിൽ നിന്ന് ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ. ജ്യോതിദേവ് പ്രഭാഷണം നടത്തി.

ഡോ. അരുൺ ശങ്കർ, ഗോപിക കൃഷ്ണൻ, സുനിത ജ്യോതിദേവ് തുടങ്ങിയവരും പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

താക്കോൽദ്വാര ശസ്ത്രക്രിയയിൽ കിംസ് ആശുപത്രിയിൽ പരിശീലനം

കൊച്ചി: താക്കോൽദ്വാര ശസ്ത്രക്രിയയിൽ കൊച്ചി കിംസ് ആശുപത്രിയിൽ സർജൻമാർക്കായി പരിശീലനം നൽകും. കൊച്ചി വെർവൻഡൈൻ ഇൻസ്റ്റിറ്റ്യൂട്ട്, കൊച്ചി കിംസ് ആശുപത്രി, നഗരത്തിലെ മറ്റ് ആശുപത്രികൾ എന്നിവ സംയുക്തമായിട്ടാണ് പരിപാടി സംഘടിപ്പിക്കുന്നത്. പൊണ്ണത്തടിക്കുള്ള ബാരിയാട്രിക് ശസ്ത്രക്രിയ, താക്കോൽദ്വാര ഹെർണിയ ശസ്ത്രക്രിയ, കഴുത്തിൽ യാതൊരു അടയാളവും ഇല്ലാതെ തൈറോയ്ഡ് മുഴകൾ നീക്കം ചെയ്യാൻ സാധിക്കുന്ന എൻഡോസ്കോപ്പിക് തൈറോയ്ഡക്ടമി എന്നിവയിലാണ് പരിശീലനം നൽകുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിദേശത്ത് നിന്നും ഡോക്ടർമാർ പങ്കെടുക്കുന്നുണ്ടെന്ന് സംഘാടകർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. വാർത്താസമ്മേളനത്തിൽ കിംസ് ആശുപത്രിയിലെ ഡോ. പത്മകുമാർ, ദുബായ് ഹോസ്പിറ്റലിലെ കൺസൾട്ടന്റ് സർജൻ ഡോ. യാസിർ അമീർ, ഒമാനിലെ ഖാബൂസ് യൂണിവേഴ്സിറ്റി സർജറി വിഭാഗം മേധാവി ഡോ. ഹാനി അൽ ഖ്വാദി, ഡോ. മധുകര പൈ, ഡോ. ഫാരിഷ് ഷംസ്, ഡോ. അശോക് ത്യാഗരാജൻ എന്നിവർ പങ്കെടുത്തു.

കുടുംബശ്രീ സംഘടനാ തിരഞ്ഞെടുപ്പ്

തിരുവനന്തപുരം: കുടുംബശ്രീയിൽ സംഘടനാ തിരഞ്ഞെടുപ്പ് തീയതികൾ പ്രഖ്യാപിച്ചു. ജനവരി എട്ട് മുതൽ 14 വരെയാണ് പ്രാഥമികതലമായ അയൽക്കൂട്ടങ്ങളിലെ തിരഞ്ഞെടുപ്പ്. മദ്ധ്യതലമായ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റികളിലെ തിരഞ്ഞെടുപ്പ് ജനവരി 18 മുതൽ 21 വരെയും ഉയർന്നതലമായ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികളിലെ (സി.ഡി.എസ്) തിരഞ്ഞെടുപ്പ് ജനവരി 25നും നടക്കും. ജനവരി 26ന് ത്രിതല സമിതികൾ അധികാരമേൽക്കും. ഡിസംബർ 23ന് ത്രിതല സംഘടനാ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കും.

വിദ്യാഭ്യാസ വായ്പാ തിരിച്ചടവിനുള്ള സഹായം: ബാങ്കുകളുടെ പരിശോധന രണ്ടുദിവസത്തിനകം

■ അപേക്ഷകർ അരലക്ഷം കവിഞ്ഞു

▸ഷാബിൽ ബഷീർ

മലപ്പുറം: സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിലെ അപേക്ഷകളുടെ പരിശോധന രണ്ട് ദിവസത്തിനകം ബാങ്കുകളിൽ തുടങ്ങും. ഇതിനുള്ള സോഫ്റ്റ്‌വെയറും ബാങ്ക് ജീവനക്കാർക്കുള്ള പരിശീലനവും പൂർത്തിയായി. പദ്ധതിയിലെ അപേക്ഷകരുടെ എണ്ണം അരലക്ഷം കവിഞ്ഞു. ഈ മാസം 31 വരെ elrs.kerala.gov.in വെബ്സൈറ്റിലൂടെ അപേക്ഷിക്കാം.

വെബ്സൈറ്റിൽ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ടും ബന്ധപ്പെട്ട രേഖകളും ലോണെടുത്ത ബാങ്കിലെ നോഡൽ ഓഫീസർക്ക് സമർപ്പിക്കണം.

അർഹമായ അപേക്ഷകൾ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി അംഗീകരിച്ച് സർക്കാരിന് നൽകും. ഈ അപേക്ഷകളിൽ ഉപഭോക്താവിന്റെ വിഹിതം അടയ്ക്കുന്നതോടെ സർക്കാർ വിഹിതം ബാങ്കിന് നൽകും.

2016 മാർച്ച് 31നകം നിഷ്ക്രിയ ആസ്തിയായ നാലുലക്ഷം വരെയുള്ള വായ്പകളുടെ അടിസ്ഥാന തുകയുടെ 60 ശതമാനത്തിന് സർക്കാർ സഹായം ലഭിക്കും. ശേഷിക്കുന്ന 40 ശതമാനം വായ്പയെടുത്തയാൾ നൽകണം. പലിശ ബാങ്ക് എഴുതിത്തള്ളും. നാലുലക്ഷം മുതൽ ഏഴര ലക്ഷം വരെയുള്ള വായ്പാ കുടിശ്ശികയുടെ 50 ശതമാനം വരെയും സർക്കാർ വിഹിതമായി ലഭിക്കും. പഠനകാലയളവിലോ വായ്പാ കാലയളവിലോ മരണമോ സ്ഥിരവൈകല്യമോ സംഭവിച്ചാൽ വായ്പയുടെ മുഴുവൻ തുകയും സർക്കാർ വഹിക്കും.

കൊള്ളപ്പലിശ തന്നെ

വിദ്യാഭ്യാസ വായ്പയ്ക്ക് പൊതുമേഖലാ ബാങ്കുകൾ പോലും 14.50 ശതമാനം വരെ പലിശ ഈടാക്കുന്നുണ്ട്. പലിശ കുറയ്ക്കണമെന്ന ആവശ്യം ബാങ്കുകൾ ചെവിക്കൊണ്ടിട്ടില്ല. കോഴ്സ് പൂർത്തിയാക്കി ഒരുവർഷത്തിനകം തിരിച്ചടവ് ആരംഭിക്കും. പഠനകാലയളവിലെ പലിശ സർക്കാർ സബ്സിഡിയായി നൽകുമെങ്കിലും മാസങ്ങളുടെ ഇടവേളയിലാണ് ഈ തുക അക്കൗണ്ടിലെത്തുന്നത്. കാലാവധി തീയതി വരെ (മോറട്ടോറിയം ഉൾപ്പെടെ) സാധാരണ പലിശയും അത് കഴിഞ്ഞ് കൂട്ടുപലിശയും ഈടാക്കും. തിരിച്ചടവ് തെറ്റിയാൽ പിഴപ്പലിശയും നൽകണം.

ശബരിമലയിൽ ഇന്ന്

നടതുറക്കൽ:	പുലർച്ചെ 3 ന്
നിർമ്മാല്യ ദർശനം:	3.05
ഗണപതിഹോമം:	3.15
നെയ്യഭിഷേകം:	3.15-7.15
ഉഷഃപൂജ:	7.30
നെയ്യഭിഷേകം:	8-11.30
ഉച്ചപൂജ:	12.30
നടഅടയ്ക്കൽ:	1.30
വൈകിട്ട് നടതുറക്കൽ:	3.30
ദീപാരാധന:	6.30
പുഷ്പാഭിഷേകം:	7:00
അത്താഴപൂജ:	10.30
ഹരിവരാസനം:	10.50
നടഅടയ്ക്കൽ:	11.00

വിളംബരം

വാക് ഇൻ ഇന്റർവ്യൂ

തിരുവനന്തപുരം: ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ റിസർച്ച് അസിസ്റ്റന്റിന്റെ ഒരു താത്കാലിക ഒഴിവിലേക്ക് 15ന് 1.30നും ടെക്നിക്കൽ അസിസ്റ്റന്റിന്റെ (കംപ്യൂട്ടർ പ്രോഗ്രാമർ) താത്കാലിക ഒഴിവിലേക്ക് 19നും വാക് ഇൻ ഇന്റർവ്യൂ നടക്കും. വിശദവിവരങ്ങൾ www.sctimst.ac.in ൽ

ഹോമിയോ ക്ലാസ് 11 മുതൽ

തിരുവനന്തപുരം: തിരുവനന്തപുരം, കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ 2017 -18 വർഷത്തെ സി.സി.പി (ഹോമിയോ) കോഴ്സിന്റെ ക്ലാസ് 11 ന് രാവിലെ 10 മണിക്ക് ആരംഭിക്കും. വിദ്യാർത്ഥികൾ രക്ഷകർത്താക്കളോടൊപ്പം എത്തണം.

ഡോക്ടർമാർ രജിസ്റ്റർ ചെയ്യണം

തിരുവനന്തപുരം: സംസ്ഥാനത്തെ സ്വകാര്യ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ മെഡിക്കൽ സ്ഥാപനങ്ങളും, ഡോക്ടർമാരുടെ അടിസ്ഥാന യോഗ്യതയും, അധിക യോഗ്യതയും തിരു-കൊച്ചി മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം. രജിസ്റ്റർ ചെയ്യാത്ത ഡോക്ടർമാർ പ്രാക്ടീസ് ചെയ്യുന്നുണ്ടെങ്കിൽ അതിന് ബന്ധപ്പെട്ട ആശുപത്രി അധികാരികൾ ഉത്തരവാദികളാണെന്ന് കൗൺസിൽ അറിയിച്ചു. 1953-ലെ തിരു-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമപ്രകാരം സംസ്ഥാനത്ത് ചികിത്സ നടത്തണമെങ്കിൽ അതതു സമ്പ്രദായങ്ങളിൽ കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധമാണ്.

സീനിയോറിട്ടി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

തിരുവനന്തപുരം: ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2018-20 വർഷങ്ങളിലെ ഒഴിവുകളിലേക്ക് പരിഗണിക്കുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി സീനിയോറിറ്റി ലിസ്റ്റുകൾ തയാറാക്കിയിട്ടുണ്ടെന്ന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു. ലിസ്റ്റുകൾ 12 വരെ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നേരിട്ടും www.employment.kerala.gov.in ൽ ഓൺലൈനായും പരിശോധനയ്ക്ക് ലഭിക്കും. പരാതിയോ ആക്ഷേപമോ ഉള്ള പക്ഷം നേരിട്ടോ ഓൺലൈനായോ പരാതികൾ സമർപ്പിക്കാം.

കള്ള് വ്യവസായ തൊഴിലാളികൾ ലൈഫ് സർട്ടിഫിക്കറ്റ് നൽകണം

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ പെൻഷൻ വാങ്ങുന്ന തൊഴിലാളികൾ ലൈഫ് സർട്ടിഫിക്കറ്റ് വെൽഫെയർ ഫണ്ട് ഓഫീസിൽ ഹാജരാക്കണം. ലൈഫ് സർട്ടിഫിക്കറ്റ് നൽകുന്ന തൊഴിലാളികൾക്കു മാത്രമേ പെൻഷൻ അയയ്ക്കൂ. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം ജില്ലാ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ ഓഫീസുമായി ബന്ധപ്പെടണം. ഫോൺ : 0471 -2448451.

തിരുവനന്തപുരം

വിമുക്ത ഭടന്മാരുടെ കുട്ടികൾക്ക് കാഷ് അവാർഡ്

കെക്സ്കോൺ മുഖേന 2015-16, 16-17 അദ്ധ്യയന വർഷങ്ങളിൽ ജോലിനോക്കിവരുന്ന വിമുക്ത ഭടന്മാരുടെയും വിധവകളുടെയും ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ കേരള സിലബസുകളിൽ പ്ലസ് ടുവിന് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകും. അർഹരായ കുട്ടികളുടെ മാർക്ക് ഷീറ്റ്, വിമുക്തഭടന്മാരുടെ ഡിസ്ചാർജ്ജ് ബുക്കിന്റെ പകർപ്പ്, കെക്സ്കോൺ രജിസ്ട്രേഷൻ നമ്പർ, ഈ കാലയളവിൽ ജോലി ചെയ്തിരുന്ന സ്ഥാപനത്തിന്റെ വിവരം തുടങ്ങിയവ സഹിതം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കെക്സ്കോൺ, ടി.സി-25/838, അമൃത ഹോട്ടലിന് എതിർവശം, തൈക്കാട് പി.ഒ., തിരുവനന്തപുരം-695 014 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ 30നു മുമ്പ് ലഭിക്കണം.

കെ.ജി.സി പരീക്ഷ 2018 വിജ്ഞാപനം

സാങ്കേതിക പരീക്ഷാ കൺട്രോളർ 2018 ഏപ്രിൽ - മേയ് മാസത്തിൽ നടത്തുന്ന കെ.ജി.സി പരീക്ഷയുടെ നോട്ടിഫിക്കേഷൻ www.tekerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി. ഓൺലൈൻ ആപ്ലിക്കേഷൻ മുഖേനയാണ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടത്.

ശുചിത്വമിഷൻ ഓഫീസുകളിൽ ഡെപ്യൂട്ടേഷൻ

അവസരങ്ങൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ശുചിത്വമിഷനുകളിൽ അസിസ്റ്റന്റ് ജില്ല കോ-ഓർഡിനേറ്റർ ഒഴിവുകളിലേക്ക് സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളിലെ 20,000 - 45,800 മുതൽ 35,700 - 75,600 വരെ ശമ്പള സ്കെയിലിലുള്ള ജീവനക്കാരിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ അസിസ്റ്റന്റ് ജില്ലാ കോ-ഓർഡിനേറ്ററിന്റെ (ഐ.ഇ.സി) ഓരോ ഒഴിവിലേക്കും എറണാകുളം, കോഴിക്കോട് ജില്ലകളിൽ അസിസ്റ്റന്റ് ജില്ലാ കോ-ഓർഡിനേറ്ററുടെ (സോളിഡ് വേസ്റ്റ് മാനേജ്മെന്റ്) ഓരോ ഒഴിവിലേക്കുമാണ് അപേക്ഷ ക്ഷണിച്ചത്.

അസിസ്റ്റന്റ് ജില്ലാ കോ-ഓർഡിനേറ്ററായി (സോളിഡ് വേസ്റ്റ് മാനേജ്മെന്റ്) അപേക്ഷിക്കുന്നവർ സയൻസ് ബിരുദധാരികളോ, സിവിൽ എൻജിനീയറിംഗ് ഡിപ്ലോമാ/ ബിരുദധാരികളോ ആയിരിക്കണം.

താല്പര്യമുള്ളവർ കെ.എസ്.ആർ പാർട്ട് (1) റൂൾ 144 പ്രകാരമുള്ള അപേക്ഷയും നിലവിലെ വകുപ്പ് മേധാവിയുടെ നിരാക്ഷേപ പത്രവും സഹിതം 23ന് മുമ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ, സംസ്ഥാന ശുചിത്വമിഷൻ, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ, തിരുവനന്തപുരം - 695 003 എന്ന വിലാസത്തിൽ ലഭിക്കും വിധം അയയ്ക്കണം.

കെക്സ്കോണിൽ പ്രോജക്ട് ഓഫീസർ

കേരള സംസ്ഥാന എക്സ് സർവീസ്മെൻ ഡവലപ്മെന്റ് ആൻഡ് റിഹാബിലിറ്റേഷൻ കോർപ്പറേഷനിൽ കരാറടിസ്ഥാനത്തിൽ പ്രോജക്ട് ഓഫീസറുടെ ഒഴിവുണ്ട്. കമ്മിഷൻഡ് ഓഫീസറുടെ പദവിയിൽ കുറയാത്ത റാങ്കിലുള്ള വിമുക്ത ഭടന്മാർക്ക് അപേക്ഷിക്കാം.

പ്രായം 50 വയസ് കവിയരുത്. യോഗ്യത: ബിരുദവും പദ്ധതി ആസൂത്രണം, നടത്തിപ്പ്, മേൽനോട്ടം, നെറ്റ്‌വർക്ക് പ്രോഗ്രാമിംഗ് എന്നിവയിൽ പ്രവൃത്തി പരിചയവും. ശമ്പളം : 25,000 രൂപ.

ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട രേഖകളുമായി മാനേജിംഗ് ഡയറക്ടർ, കെക്സ്കോൺ, ടി.സി 25/838, അമൃത ഹോട്ടലിന് എതിർവശം, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014 എന്ന വിലാസത്തിൽ അപേക്ഷിക്കണം.

ലൈബ്രേറിയൻ ഒഴിവ്

പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ മണ്ണന്തല അംബേദ്കർ ഭവനിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റിയിൽ കരാർ അടിസ്ഥാനത്തിൽ ലൈബ്രറിയനെ ആവശ്യമുണ്ട്.

ഉദ്യോഗാർത്ഥികൾ യോഗ്യത / വയസ്/ജാതി/മുൻപരിചയം എന്നീ രേഖകളുടെ അസൽ സഹിതം 15 ന് രാവിലെ 11 മണിക്ക് വെള്ളയമ്പലം അയ്യങ്കാളി ഭവനിലെ പട്ടികജാതി വികസന വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ചേമ്പറിൽ ഹാജരാകണം. ഫോൺ: 0471 2533272.

സർവകലാശാല വാർത്തകൾ

കേരള

www.keralauniversity.ac.in

ബി.ആർക് ഓൺലൈൻ രജിസ്ട്രേഷൻ

അഞ്ചാം സെമസ്റ്റർ ബി. ആർക് (2013 സ്കീം) റഗുലർ/ ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ എട്ട് മുതൽ ആരംഭിക്കും.

പരീക്ഷകൾ

ജനവരി 15 ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് (പഞ്ചവത്സരം) ബി.എ എൽ.എൽ.ബി/ ബി.കോം എൽ എൽ.ബി / ബി. ബി.എ എൽ എൽ.ബി പരീക്ഷകളിലേക്ക് പിഴകൂടാതെ 18 (50 രൂപ പിഴയോടെ 20, 125 രൂപ പിഴയോടെ 22) വരെ ഫീസടച്ച് അപേക്ഷിക്കാം.

സർട്ടിഫിക്കറ്റ് സമർപ്പിക്കണം

വിദൂരവിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന നാലാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് കോഴ്സിന്റെ ഹാർഡ്‌വെയർ ട്രെയിനിംഗ് സർട്ടിഫിക്കറ്റ്സ് ഒൻപതിന് മുൻപായി കോർഡിനേറ്ററെ ഏൽപ്പിക്കണം.

അപേക്ഷ ക്ഷണിക്കുന്നു

ഡിപ്പാർട്ട്മെന്റ് ഒഫ് കംപ്യൂട്ടേഷണൽ ബയോളജി ആൻഡ് ബയോ ഇൻഫർമാറ്റിക്സിലെ പ്രോജക്ടിലേക്ക് നെക്സ്റ്റ് ജനറേഷൻ സീക്വൻസിംഗ് സർവീസിന് വേണ്ടി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. വിശദവിവരങ്ങൾ www.dcb.res.in ൽ.

പരീക്ഷാഫലം

നാലാം സെമസ്റ്റർ എം. എ. എസ്. എൽ.പി (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്ക് 23 വരെ അപേക്ഷിക്കാം.

ഒന്നാം വർഷ ബി.എസ്.സി നഴ്സിംഗ് (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും 19 വരെ അപേക്ഷിക്കാം.

സീറ്റൊഴിവ്

സർവകലാശാല (ഐ.യു.സി.ജി.ഐ.എസ്.ടി) പി.ജി ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് & ടെക്നോളജിയിൽ ഒരു എസ്.ടി സീറ്റ് ഒഴിവുണ്ട്. യോഗ്യത : ജിയോളജി, ജിയോഗ്രഫി, എൻവയോൺമെന്റ് സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ് ഇവയിൽ ഏതിലെങ്കിലും പി. ജി ബിരുദം. താല്പര്യം ഉള്ളവർ അസ്സൽ രേഖകളുമായി ഡിസംബർ 14 ന് മുൻപ് ഹാജരാകുക. ഫോൺ : 04712308214, വിശദവിവരങ്ങൾക്ക്: www.cgist.ac.in

വിദൂരവിദ്യാഭ്യാസ കേന്ദ്രം യു.ജി/പി.ജി അപേക്ഷകർക്കുള്ള നിർദ്ദേശം

വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിന്റെ 2017 -18 ലെ വിവിധ യു.ജി/ പി.ജി കോഴ്സുകളിലേയ്ക്കുള്ള അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ. വിശദവിവരങ്ങൾ Sde.keralauniversity.ac.in ൽ.

എം.ജി

www.mgu.ac.in

പരീക്ഷ മാറ്റി

11 ന് നിശ്ചയിച്ചിരുന്ന അഫിലിയേറ്റഡ് കോളേജുകളിലെയും സി.പി.എ.എസിന് കീഴിലുള്ള സ്ഥാപനങ്ങളിലെയും ഒന്നാം സെമസ്റ്റർ ബി.എഡ് (ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ 2017 അഡ്മിഷൻ റഗുലർ/2015 & 2016 അഡ്മിഷൻ സപ്ലിമെന്ററി ദ്വിവർഷ കോഴ്സ്) ഡിഗ്രി പരീക്ഷ മാറ്റിവച്ചു.

വൈവാവോസി

രണ്ടാം സെമസ്റ്റർ എം.ഫിൽ ബിസിനസ് സ്റ്റഡീസ് പരീക്ഷയുടെ വൈവാവോസി 18ന് ആരംഭിക്കും. പൂർത്തിയായ പ്രോജക്ടിന്റെ പകർപ്പ് 11 ന് മുമ്പായി സ്കൂൾ ഒഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസിൽ സമർപ്പിക്കണം.

മൂന്ന് അഞ്ച് സെമസ്റ്റർ ബി.എ കഥകളി ചെണ്ട, കഥകളി മദ്ദളം (സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ പ്രാക്ടിക്കൽ 18 മുതൽ 21 വരെ തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജിൽ നടക്കും.

പരീക്ഷാഫലം

മൂന്നാം സെമസ്റ്റർ എം.എസ്‌സി അനലിറ്റിക്കൽ കെമിസ്ട്രി (നോൺ സി.എസ്.എസ്. - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 21 വരെ അപേക്ഷിക്കാം.

രണ്ടാം സെമസ്റ്റർ എം.എഡ് സ്പെഷ്യൽ എജ്യൂക്കേഷൻ (ഇന്റലക്ച്വൽ ഡിസെബിലിറ്റി), ഒന്നാം സെമസ്റ്റർ എം. എഡ് സ്പെഷ്യൽ എജ്യൂക്കേഷൻ (ഇന്റലക്ച്വൽ ഡിസെബിലിറ്റി) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 20 വരെ അപേക്ഷിക്കാം.

എം.കോം ഓഫ് കാമ്പസ് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 20 വരെ അപേക്ഷിക്കാം. രണ്ടാം സെമസ്റ്റർ എം. എസ് സി ബോട്ടണി (നോൺ സി.എസ്.എസ്. - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും 20 വരെ അപേക്ഷിക്കാം. രണ്ടാം സെമസ്റ്റർ എം.എസ്‌സി ഫിസിക്സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

മൂന്നാം സെമസ്റ്റർ പി.ജി ഓൺലൈൻ ചോദ്യപേപ്പർ

13ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ പി.ജി (സി.എസ്.എസ്.) പരീക്ഷകളുടെ മുന്നൊരുക്കമായി 11 ന് ഉച്ചയ്ക്ക് ഒരു മണിക്ക് മാതൃകാ ഓൺലൈൻ ചോദ്യപേപ്പർ ഡൗൺലോഡിംഗ് നടത്തും. കോളേജ് പ്രിൻസിപ്പൽമാർ വേണ്ട ക്രമീകരണങ്ങൾ ചെയ്ത് പരീക്ഷാനടത്തിപ്പ് കുറ്റമറ്റതാണെന്ന് ഉറപ്പാക്കണം. ഹെൽപ്പ്‌ലൈൻ നമ്പരുകൾ: 0481 - 2733470, 2733467, 2731011, 2733471

ടൈംടേബിൾ

മൂന്നാം സെമസ്റ്റർ പി.ജി. പരീക്ഷകളുടെ ടൈംടേബിൾ (2012, 2013, 2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി/ മേഴ്സി ചാൻസ്) വിദ്യാർത്ഥികൾക്കും ബാധകമായിരിക്കും.

കാലിക്കറ്റ്

www.universityofcalicut.info

ഹാൾടിക്കറ്റ്

നാലാം സെമസ്റ്റർ വിദൂരവിദ്യാഭ്യാസം ബി.കോം/ബി.ബി.എ/ ബി.എ/ ബി.എ അഫ്സൽ-ഉൽ-ഉലമ/ ബി.എസ്.സി (സി.സി.എസ്.എസ്) പരീക്ഷകളുടെ ഹാൾടിക്കറ്റ് വെബ്സൈറ്റിൽ. പരീക്ഷ 15-ന് ആരംഭിക്കും.

ബിരുദം പ്രൈവറ്റ് രജിസ്ട്രേഷൻ: 12 വരെ അപേക്ഷിക്കാം

വിവിധ ബിരുദ പ്രോഗ്രാമുകൾക്ക് പ്രൈവറ്റ് രജിസ്ട്രേഷന് 500 രൂപ സൂപ്പർ ഫൈനോടെ 12 വരെ ഓൺലൈനായി അപേക്ഷിക്കാം. പ്രിന്റൗട്ട് അനുബന്ധ രേഖകൾ സഹിതം 16 വരെ സ്വീകരിക്കും.

പരീക്ഷ

ഏഴാം സെമസ്റ്റർ (2009 സ്കീം) ബി.ടെക് സപ്ലിമെന്ററി/ പാർട്ട്ടൈം ബി.ടെക് റഗുലർ/ സപ്ലിമെന്ററി പരീക്ഷ 20-ന് ആരംഭിക്കും.

പരീക്ഷാ അപേക്ഷ

ഒന്നാം സെമസ്റ്റർ എം.ബി.എ (ഫുൾടൈം, 2017 പ്രവേശനം, സി.യു.സി.എസ്.എസ്) റഗുലർ പരീക്ഷയ്ക്ക് 14 വരെ അപേക്ഷിക്കാം.

പരീക്ഷാഫലം

ഒന്നാം സെമസ്റ്റർ പി.ജി ഡിപ്ലോമ ഇൻ റീഹാബിലിറ്റേഷൻ സൈക്കോളജി (ഏപ്രിൽ 2017) പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിന് 19 വരെ അപേക്ഷിക്കാം. രണ്ടാം സെമസ്റ്റർ എം.ഫിൽ തിയേറ്റർ ആർട്സ് (ജനുവരി 2017), ഒന്നാം സെമസ്റ്റർ എം. ഫിൽ കമ്പ്യൂട്ടർ സയൻസ് (ജൂൺ 2016) പരീക്ഷാഫലം വെബ്സൈറ്റിൽ.

എൽ എൽ.എം ടീച്ചിംഗ് പ്രാക്ടീസ്

രണ്ടാം സെമസ്റ്റർ എൽ എൽ.എം ടീച്ചിംഗ് പ്രാക്ടീസ് ഡിസംബർ 12-ന് തൃശൂർ ഗവൺമെന്റ് ലാ കോളേജിലും 13-ന് കോഴിക്കോട് ഗവൺമെന്റ് ലാ കോളേജിലും നടക്കും.

പി.എസ്.സി

www.keralapsc.gov.in

ഇന്റർവ്യൂ

കോഴിക്കോട് ജില്ലയിൽ കാറ്റഗറി നമ്പർ 628/2014 പ്രകാരം പൊലീസ് (ഫോറൻസിക് സയൻസ് ലബോറട്ടറി) വകുപ്പിൽ സയന്റിഫിക് അസിസ്റ്റന്റ് (ഡോക്യുമെന്റ്സ്), കാറ്റഗറി നമ്പർ 159/2013 പ്രകാരം പുരാവസ്തു വകുപ്പിൽ അസിസ്റ്റന്റ് എൻജിനിയർ (സിവിൽ) തസ്തികകൾക്ക് 13,14,15 തീയതികളിലും ഹയർസെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ കാറ്റഗറി നമ്പരുകൾ 315/2015, 316/2015 പ്രകാരം ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) മാത്തമാറ്റിക്സ് (നാലാം എൻ.സി.എ. - എസ്.സി./എസ്.ടി.) തസ്തികയ്ക്ക് 13, 14 തീയതികളിലും, കാറ്റഗറി നമ്പർ 369/2016 പ്രകാരം ഹയർ സെക്കൻഡറി സ്കൂൾ ടീച്ചർ മാത്തമാറ്റിക്സ് (നാലാം എൻ.സി.എ. - എസ്.ടി.) തസ്തികയ്ക്ക് 14, 15 തീയതികളിലും, കാറ്റഗറി നമ്പർ 101/2016 പ്രകാരം ഹയർസെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) മാത്തമാറ്റിക്സ് (മൂന്നാം എൻ.സി.എ. - ഒ.എക്സ്.) തസ്തികയ്ക്ക് 15 നും, കാറ്റഗറി നമ്പർ 398/2013 പ്രകാരം കെ.എസ്.ആർ.ടി.സി യിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 20 നും, കാറ്റഗറി നമ്പർ 634/2014 പ്രകാരം ഫിഷറീസ് വകുപ്പിൽ അദർ റിസർച്ച് അസിസ്റ്റന്റ് (കെമിസ്ട്രി) തസ്തികയ്ക്ക് 20, 21 തീയതികളിലും പി.എസ്.സി തിരുവനന്തപുരം ആസ്ഥാന ഓഫീസിലും ഇന്റർവ്യൂ നടത്തും.

ഒറ്റത്തവണ വെരിഫിക്കേഷൻ

കാറ്റഗറി നമ്പർ 65/2016 പ്രകാരം പൊതുമരാമത്ത് വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-1 (ആർക്കിടെക്ചറൽ) എൻ.സി.എ. (ഈഴവ/ തിയ്യ/ ബില്ലവ) തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട പി.സി.എൻ ലഭിക്കാത്ത ഉദ്യോഗാർത്ഥികൾക്ക് 11 ന് തിരുവനന്തപുരം പി.എസ്.സി ആസ്ഥാന ഓഫീസിൽ വച്ച് ഒറ്റത്തവണ വെരിഫിക്കേഷൻ നടത്തും. കൂടുതൽ വിവരങ്ങൾക്ക് ഒ.ടി.ആർ. പ്രൊഫൈൽ സന്ദർശിക്കുക.